പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5196 | 23-05-2017-ലെ മറുപടിയ്ക്ക്

**നെൽ-കർഷകർക്ക് സൗജന്യ വിള ഇൻഷ്വറൻസ് സ്കീം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) | |
| **(എ)** | വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് നെൽ-കർഷകരുടെ പ്രീമിയം തുക എത്രയാണ്; | **(എ)** | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെൽ കൃഷി ഇൻഷ്വർ ചെയ്യുന്നതിന് സെന്റ് ഒന്നിന് 1 രൂപയാണ് പ്രീമിയം തുകയായി കർഷകർ അടയ്ക്കേണ്ടത്. |
| **(ബി)** | നാടിനു വേണ്ടി അന്നം വിളയിക്കുന്നവർ എന്ന നിലയിൽ പ്രത്യേക പരിഗണന നൽകി നെൽകർഷകരുടെ പ്രീമിയം തുക സർക്കാർ നൽകി അവരെ സൗജന്യ വിള ഇൻഷ്വറൻസ് സ്കീമിൽ ചേർക്കുന്ന കാര്യം പരിഗണിക്കുമോ; | **(ബി)** | വളരെ നാമമാത്രമായ തുകയാണ് ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ കർഷകർ അടയ്ക്കുന്നത്. |
| **(സി)** | കർഷകരുടെതല്ലാത്ത കാരണത്താൽ ഉണ്ടാകുന്ന തീപിടുത്തം മൂലം കൃഷി നശിച്ചാൽ വിള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ; | **(സി)** | ഇൻഷ്വർ ചെയ്ത പ്രഖ്യാപിത വിളകൾക്ക് കാട്ടുതീ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. |
| **(ഡി)** | 22.3.17-ലെ 37/2017/കൃഷി നമ്പർ - ഉത്തരവ് പ്രകാരം പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ ഗണത്തിൽ കാട്ടുതീ എന്നുള്ളത് തീപിടുത്തം എന്ന് മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | **(ഡി)** | പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**